## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2874 07.02.2018 ലെ മറുപടിയ്ക്ക്

## കുരുവാറ്റ ജീപ്പബിൾ ബ്രിഡ്ജിന് ഭരണാനുമതി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. ജി.സുധാകരൻ<br>( പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉണ്ണിക്കുളം പഞ്ചായത്തിലെ പൂനൂർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കുരുവാറ്റ ജീപ്പബിൾ ബ്രിഡ്ജിന് ഭരണാനുമതി നൽകാൻ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നേരത്തെ ഒരു കോടി രൂപയുടെ ഭരണാനുമതി ഉണ്ടായിരുന്ന കുരുവാറ്റ പാലനിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്ന് വെളിപ്പെടുത്താമോ? | (ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കുരുവാറ്റക്കടവ് ജീപ്പബിൾ ബ്രിഡ്ജിന് മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 14.08.2009 ലെ സ.ഉ (സാധാ) നം. 1185/09/പൊ.മ.വ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ടി പ്രവൃത്തി നടത്തുന്നതിന് 210 ലക്ഷം രൂപ ആവശ്യമായി വരികയും അതനുസരിച്ചുള്ള 210 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രൊപ്പോസലിൻമേലുള്ള പരിശോധനയുടെ ഭാഗമായി ചില |

വിവരങ്ങൾ കൂടി ലഭ്യമാക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ..

S. Bindu

**സെക്ഷൻ ഓഫീസർ**